അവശ്യസാധനങ്ങളുടെ വിലകുറയ്ക്കാൻ നടപടി

100 (811)ശ്രീ വി.ജെ. പൗലോസ് :
ശ്രീമതി രാധാമാഴവൻ :
ശ്രീ കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ കേന്ദ്രഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ;

(ബി) എങ്കിൽ വില കുറയ്ക്കുവാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) അവശ്യസാധനങ്ങൾക്ക് കാര്യമായ വില വർദ്ധനയുണ്ടായിട്ടില്ല. എങ്കിലും ഡിസൽ വില വർദ്ധനവ് പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അവശ്യപ്പെട്ടിട്ടുണ്ട്.

പൊതുവിതരണ രംഗത്തെ പ്രവർത്തനം

101 (812)ശ്രീ എൻ. അനിരുദ്ധൻ :
ശ്രീ കെ. പ്രകാശ് ബാബു :
ശ്രീമതി ആർ ലതാദേവി :
ശ്രീ കെ.പി രാജേന്ദ്രൻ :
ശ്രീ ജോസ് ബേബി :
ശ്രീ പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുവിതരണരംഗത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 62,19,949 റേഷൻ കാർഡുകൾ നിലവിലുണ്ട്. അതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 24,86,853 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലായി 37,33,066 കുടുംബങ്ങളും റേഷനിംഗ് സംപ്രദായത്തിന്റെ ഗുണം അനുഭവിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 1.6.97 മുതൽ കേന്ദ്രം കണക്കാക്കിയ 25.43% കുടുംബങ്ങളെക്കൂടാതെ സംസ്ഥാനം 17% കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി ആകെ 42.43%പേർക്ക് 4 രൂപ നിരക്കിൽ പ്രതിമാസം 10 കിലോഗ്രാം (ആഴ്ചയിൽ 2.50 കിലോഗ്രാം) അരിയും എല്ലാ കാർഡുടമകൾക്കും കിലോ ഗ്രാമിന് ഒരു രൂപാ കുറച്ച് 8.60 രൂപാ നിരക്കിൽ ആഴ്ചയിൽ 4 കിലോ ഗ്രാം അരിയും നൽകി വരുന്നു. (ഇതിലേയ്ക്കായി സംസ്ഥാനസർക്കാർ വർഷത്തിൽ 111 കോടിയോളം രൂപ സബ്സിഡിയിനത്തിൽ ചെലവഴിക്കുന്നു.) ബാക്കിയുള്ള അർഹതപ്പെട്ട വിഹിതം ആഴ്ചയിൽ മുതിർന്നവർക്ക് 2 കിലോഗ്രാമും കുട്ടികൾക്ക് ഒരു കിലോഗ്രാമും ഓരോ ആഴ്ചയിൽ കിലോഗ്രാമിന് 9.60 രൂപാ നിരക്കിൽ കാർഡുടമകൾക്കും കിലോഗ്രാമിന് 7.35 രൂപാ നിരക്കിൽ ഗോതമ്പ് ലഭിക്കുന്നതനുസരിച്ച് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly